## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2190 18.03.15-ലെ മറുപടിക്ക്**
**"നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനു നടപടി"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | നികുതി ചോർച്ച ഒഴിവാക്കുന്നതിനു 2014-15 വർഷത്തിൽ ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | വാണിജ്യ നികുതി വകുപ്പിൽ നികുതി ചോർച്ച തടയുന്നതിനായി നികുതി മേൽനോട്ട സമിതി, വില നിരീക്ഷണ സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിശകലനം നടത്തുന്നുണ്ട്. നികുതി നിർണ്ണയം ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്കൂട്ടിനി ശക്തമാക്കി. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽ കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിനകത്തേക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതുപ്രകാരം സംസ്ഥാനത്തിനകത്തേക്ക് വരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഡംബര നികുതി, കാർഷികാദായ നികുതി, മണിലെന്റേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി.<br>ചെക്ക്പോസ്റ്റുകളുടെയും വാണിജ്യ നികുതി ഇന്റലിജൻസ് വിഭാഗത്തിന്റേയും പ്രവർത്തനം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും തദ്വാര നികുതിവെട്ടിപ്പ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രധാനചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും ഇന്റലിജൻസ് സ്ക്വാഡിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. റിട്ടേൺ സ്കൂട്ടിനിയുടെ നിലവാരം വർദ്ധിപ്പി |

| | | | |
|---|---|---|---|
| | | | ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. നികുതി വെട്ടിപ്പ് പ്രകടമായി അനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ച ശേഷം കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉല്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും വ്യാജമദ്യം സംസ്ഥാനത്തേക്ക് കടത്തികൊണ്ട് വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇ-ഫയലിംഗ്, ഇ-പേമെന്റ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഈ കാലയളവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | വാണിജ്യ നികുതി വകുപ്പിൽ ഇ-ഫയലിംഗ് നിർബന്ധിതമാക്കിയിട്ടുണ്ട്. കൂടാതെ അസ്സസ്സ്മെന്റ്, ഡിമാന്റ് ഇ-പെയ്മെന്റ് മുഖാന്തിരം ഒടുക്കുന്ന സംവിധാനം, ഡെലിവറി നോട്ട് ഓൺലൈൻ സംവിധാനം, ഫോം 16 ഓൺലൈൻ സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. 01.08.2014 മുതൽ ഇ-ട്രഷറി സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നു. നിലവിൽ സ്വന്തമായി ഓൺലൈൻ റസീപ്റ്റ് പോർട്ടലുകൾ ഉള്ള വകുപ്പുകളെ (മോട്ടോർ വാഹനവകുപ്പ്, വാണിജ്യ നികുതി വകുപ്പ്) ഇ-ട്രഷറിയുമായി സംയോജിപ്പിക്കുന്നതാണ്. മറ്റു വകുപ്പുകളിൽ സ്വന്തമായി ഇലക്ട്രോണിക് റസീപ്റ്റ് പോർട്ടലുകൾ വികസിപ്പിച്ചെടുക്കുവാനും തുടർന്ന് ഇ-ട്രഷറിയുമായി ബന്ധിപ്പിക്കുവാനുമുള്ള നടപടി കൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനും അവിടെ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ഈ കാലയളവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളും സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സി.സി.റ്റി.വി.ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലൊന്നായ വാളയാറിൽ പരിശോധന കാര്യക്ഷമമാക്കുന്നതിനും വാഹനത്തിരക്ക് ഒഴിവാക്കുന്നതിനും പുതിയതായി ഒരു ഗ്രീൻ ചാനൽ കൗണ്ടർ ആരംഭിച്ചിട്ടുണ്ട്. വാളയാറിൽ സി.സി.റ്റി.വി. സ്ഥാപിക്കുന്നതിന് ടെന്റർ വിളിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രധാനചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും ഇന്റലിജൻസ് സ്ക്വാഡിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.<br>നിലവിൽ വാളയാർ, ഗോവിന്ദപുരം, ഗോപാലപുരം,മീനാക്ഷിപുരം, നടുപ്പുണി,കുട്ടുപ്പുഴ, ബംഗ്രമഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ വെയ്ബ്രിഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതു കൂടാതെ 300 കി.ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ലാറ്റ്ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്.<br>എ-ക്ലാസ്സ്, ബി-ക്ലാസ്സ് ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെ എല്ലാ പ്രധാന ചെക്ക്പോസ്റ്റുകളും കമ്പ്യൂട്ടർവത്ക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.<br>പ്രധാനപ്പെട്ട സി-ക്ലാസ് ഉൾപ്പെടെ 43 ചെക്ക്പോസ്റ്റുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അതിർത്തി ചെക്ക്പോസ്റ്റുകളിലൂടെ സംസ്ഥാനത്ത് കടന്നുവരികയും, പോവുകയും ചെയ്യുന്ന ചരക്കുകളുടെ തൽസമയ സഞ്ചാരപഥം ടിൻ / പിൻ ഡീലർമാരുടെ മൊബൈൽഫോണിൽ |

| | | | |
|---|---|---|---|
| | | | അലർട്ട് മെസ്സേജ് എസ്.എം.എസ്. ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് നികുതിയിലൂടെയുള്ള വരുമാന സാധ്യതയുടെ എത്ര ശതമാനം നേടിയെടുക്കാൻ സാധ്യമായിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | വാണിജ്യ നികുതി വകുപ്പ്, ലോട്ടറീസ്, എക്സൈസ്, രജിസ്ട്രേഷൻ, എന്നീ വകുപ്പുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| Department | Target set for 2014-15 | Collection as on 28.02.2015 | % of Collection |
|---|---|---|---|
| Commercial Taxes | 31939.85 | 24791.53 | 77.61 |
| Lotteries | 5500 | 4964.25 | 90.25 |
| Excise | 3208.36 | 1564.15 | 48.75 |
| Registration | 3733.66 | 2130.16 | 57.05 |
| Motor Vehicles | 2799.82 | 2080.58 | 74.31 |
| Total | 47181.69 | 35530.67 | 75.3 |

**സെക്ഷൻ ആഫീസർ.**